കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പൂവാർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2016-2017

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail:lfadtvm@yahoo.in

<u>രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)</u>

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/1880/2017
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം, തീയതി: 19.09.2017

Phone No: 0471-2331231

Email: lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പൂവാർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം: പൂവാർ ഗ്രാമപഞ്ചായത്ത് - 2016-17-സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവ യിലെ വ്യവസ്ഥകൾ പ്രകാരം പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചാ യത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ്:</u>

1) ഡയറക്ടർ,കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം(ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/1880/2017 തീയതി: 19.09.2017

<u>തിരുവനന്തപുരം ജില്ലയിലെ പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16.11.2016 മുതൽ 09.08.2017 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളി ലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും

വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.ജമാലുദ്ദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 10.08.2017മുതൽ 17.08.2017വരെ

*ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :*

1. ശ്രീമതി.ലതാകുമാരി.എ, ഓഡിറ്റ് ഓഫീസർ.
2. ശ്രീമതി.ആശ ജി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ.
3. ശ്രീമതി.ജയലക്ഷ്മി.ബി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ.
4. ശ്രീ രാജു.എസ്, ഓഡിറ്റർ.

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.അജിതകുമാരി എം.എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.പി.വിജയകുമാരൻ | 01.04.2016മുതൽ 12.04.2016വരെ |
| | ശ്രീ.സി. ശ്രീകുമാരൻ നായർ | 13.04.2016 മുതൽ 26.07.2016 വരെ |
| | ശ്രീമതി.മിനി ജെ | 27.07.2016 മുതൽ 31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി സൗമ്യ | 01.04.16 മുതൽ 17.08.2016 വരെ |

| | | |
|---|---|---|
| | ശ്രീമതി.രമ്യ സുധീർ | 18.08.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ആഫീസർ (PHC) | ഡോ.സുനിത വിൽസ് | 01.04.16 മുതൽ 30.09.2016 വരെ |
| | ഡോ.ഐ എസ് ജവഹർ | 01.10.2016 മുതൽ 31.03.17 വരെ |
| മെഡിക്കൽ ആഫീസർ ( ഹോമിയോ) | ഡോ.ഷൈനി | 01.04.2016 മുതൽ 23.06.16 വരെ |
| | ഡോ.ദീപ | 24.06.16 മുതൽ 31.03.2017വരെ |
| വെറ്റിനറി സർജൻ | ഡോ.ഗോപകുമാർ | 01.04.16 മുതൽ 31.03.2017 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.രത്നബിന്ദു | 01.04.16 മുതൽ 31.03.17വരെ |
| വി.ഇ.ഒ | ശ്രീമതി പ്രീത റ്റി | 01.04.16 മുതൽ 31.10.2016വരെ |
| | ശ്രീ സനൽകുമാർ | 01.11.16 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.റ്റി മഹേഷ്. | 01.04.16 മുതൽ 31.03.17 വരെ |
| ഹെഡ്മാസ്റ്റർ, ഗവ.എൽ. പി.എസ്. പൂവാർ | ശ്രീമതി ശോഭന. എസ് | 01.04.16 മുതൽ 31.03.17 വരെ |
| ഫിഷറീസ് | ശ്രീ.സജികുമാർ | 01.04.16 മുതൽ |

| | | |
|---|---|---|
| ഇൻസ്പെക്ടർ | | 31.03.17 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗംല- 2 | | |
| 12 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- അപാകതകൾ | 2-1 | |

| | | | |
|---|---|---|---|
| 13 | സ്ഥാപന നികുതി ഈടാക്കിയിട്ടില്ല | 2-2 | |
| 14 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-3 | |
| 15 | ഡി ആന്റ് ഒ ലൈസൻസ് അപാകതകൾ | 2-4 | |
| 16 | നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വിവരം സഞ്ചയയിലും രജിസ്റ്ററിലും വ്യത്യാസപ്പെട്ടിരിക്കുന്നു | 2-5 | |
| 17 | പരസ്യ നികുതി ഈടാക്കി തനതു വരുമാനം വർദ്ധിപ്പക്കണം | 2-6 | |
| 18 | സ്വകാര്യ ചന്തയ്ക്ക് ലൈസൻസ് നൽകിയിട്ടില്ല- വരുമാന നഷ്ടം | 2-7 | |
| 19 | ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്വകാര്യ ആശുപത്രി / പാരാമെഡിക്കൽ സ്ഥാപനം സമയബന്ധിതമായി രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല | 2-8 | |
| | ഭാഗം - 3 | | |
| 20 | എച്ച്.എം. നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- അപാകതകൾ- 5,41,300/- രൂപയുടെ തടസ്സം | 3-1 | |
| 21 | മത്സ്യതൊഴിലാളി എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഇല്ലാതെ ഫർണിച്ചർ നൽകി- 3999/-രൂപ തടസ്സപ്പെടുത്തുന്നു | 3-2 | |
| 22 | കന്നുകുട്ടി പരിപാലന പരിപാടി | 3-3 | |

| | | | |
|---|---|---|---|
| | (കാലിത്തീറ്റ സബ്സിഡി) -വനിത, വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | | |
| 23 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രേജക്ടുകൾ- അപാകതകൾ | 3-4 | |
| 24 | പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന ഭാഗികമായി മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ. | 3-5 | |
| 25 | ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ ഇൻഷുറൻസ് പുതുക്കിയതിൽ കാലതാമസം | 3-6 | |
| | ഭാഗം - 4 | | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 29 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 31 | ഓഡിറ്റ് റിക്കവറി | 4-6 | |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |

| | | | |
|---|---|---|---|
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 01.03.2016തിയതിയിലെ 2-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 9,95,31,633/- രൂപയും പ്രതീക്ഷിത ചെലവ് 9,82,94,100/- രൂപയും നീക്കിയിരിപ്പ് 12,37,533/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 10.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ സമർപ്പിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-2017 | | അനുബന്ധമായി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6888300 |
| വരവ് | 40761827 |
| ആകെ | 47650127 |
| ചെലവ് | 39978729 |
| നീക്കിയിരിപ്പ് | 7671398 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 9369659 | 9369659 | 9369659 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4350904 | 4350904 | 4350904 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 34737 | 34737 | 34737 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3947174 | 3947174 | 3947174 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 464106 | 464106 | 464106 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 3651209 | 3651209 | 3651209 | 0 |
| മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്) | 0 | 3240792 | 3240792 | 3240792 | 0 |
| ജനറൽ പർപ്പസ് ഫണ്ട് | 1684834 | 6728292 | 8413126 | 4732507 | 3680619 |
| എ.എൻ.ആർ.ജി.എസ്. | 4286 | 1229295 | 1233581 | 1210625 | 22956 |
| ബി.ഫണ്ട് | 0 | 726640 | 726640 | 726640 | 0 |
| മറ്റ് വരവുകൾ / തനതു വരുമാനം | 5199180 | 7019019 | 12218199 | 8250376 | 3967823 |
| ആകെ | 6888300 | 40761827 | 47650127 | 39978729 | 7671398 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | ക്കാത്തവ (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 134 | 46368933 | 94 | 25753725 | 6 | 34 | 71 |

പദ്ധതി നിർവ്വഹണത്തിൽ ഗ്രാമപഞ്ചായത്ത് അധികൃതർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. ഉത്പാദന മേഖലയിലെ പദ്ധതികൾക്ക് തൻവർഷം കൂടുതൽ പ്രാധാന്യം നൽകിയിട്ടില്ല. പശ്ചാത്തല മേഖലയിലെ പദ്ധതികൾ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും പ്രയോജനപ്പെടും വിധം നടപ്പിലാക്കേണ്ടതാണ്.

ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കിയും പ്രാഥമിക പഠനം നടത്തിയും പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകേണ്ടതും,അംഗീകാരം ലഭ്യമാകുന്ന എല്ലാ പ്രോജക്ടുകളും സമയബന്ധിതമായി പൂർത്തിയാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 3053768 | 1925760 | -1128008 |
| നികുതിയേതര വരവുകൾ | 357203 | 1990654 | 1633451 |
| മറ്റ് വരവുകൾ | 335470 | 1089781 | 754311 |
| ആകെ | 3746441 | 5006195 | |

ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട നികുതി വരുമാനങ്ങൾ കൃത്യമായും ഈടാക്കുന്നതിന് കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്. ഡി&ഒ ലൈസൻസ് ഫീസ്, മൊബൈൽ ടവറുകൾക്ക് വസ്തു നികുതി, പരസ്യ നികുതി, ലേലം, ഷോപ്പിംഗ് കോംപ്ലക്സ് വാടക എന്നിവ ഈടാക്കിയും വസ്തു നികുതി ഇനത്തിൽ അവശേഷിക്കുന്ന കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുത്തും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽ രഹിത വേതനം | 476640 | 308 |
| കർഷക തൊഴിലാളി പെൻഷൻ | 4610160 | 519 |
| വിധവാപെൻഷൻ | 7073090 | 757 |
| വാർദ്ധക്യകാല പെൻഷൻ | 9824795 | 1066 |
| വികലാംഗ പെൻഷൻ | 3057550 | 310 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 250000 | 9 |
| 50 വയസ്സിന് മുകളിലുള്ള അവിവാ ഹിതരായ സ്ത്രീകളുടെ പെൻഷൻ | 170810 | 18 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.08.2017-ന് ഉച്ചയ്ക്ക് 2.00 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1637/- രൂപ (ആയിരത്തി അറുനൂറ്റി മുപ്പത്തിയേഴ് രൂപ മാത്രം) നീക്കിയിരിപ്പുള്ളതായി ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

തൊഴിൽ നികുതി രജിസ്റ്ററുകൾ, ട്രേഡ്സ് രജിസ്റ്ററുകൾ, തനത് വരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ എന്നിവ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. 2016-17 സാമ്പത്തിക വർഷത്തെ പൂവാർ ഗ്രാമപഞ്ചായത്തിന്റെ ഡി ആന്റ് ഒ ഡിമാൻറ് രജിസ്റ്റർ അപൂർണ്ണമാണ്. ഡി ആന്റ് ഒ ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് രജിസ്റ്റർ കൃത്യതയോടെ എഴുതി സൂക്ഷിക്കേണ്ടതും പഞ്ചായത്തിലെ എല്ലാ കച്ചവട സ്ഥാപനങ്ങളും സെക്രട്ടറി നൽകുന്ന ഡി ആന്റ് ഒ ലൈസൻസോടു കൂടിയാണ് പ്രവർത്തിക്കുന്നതെന്നും ഉറപ്പുവരുത്തേണ്ടതാണ്.

വസ്തുനികുതി ഈടാക്കുന്നതിന് നടപടികൾ ഊർജിതമാക്കേണ്ടതും ആയത് കുടിശ്ശികയുൾപ്പെടെ പിരിച്ചെടുത്ത് പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കേണ്ടതുമാണ്. നിർവ്വഹണോദ്യോഗസ്ഥർ TR 7(A) മാതൃകയിലുള്ള ക്യാഷ്ബുക്ക് പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.06.2017 | 05/2017 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.03.2014മുതൽ 19.04.2014 വരെ | 2008-2009 മുതൽ 2012-2013 വരെ | 27.05.2014 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- അപാകതകൾ

2016-17-ലെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. വസ്തുനികുതി സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയറിലെ തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല
2. B5 ഷെഡ്യൂൾ പ്രകാരം ലോൺ തിരിച്ചടവ് ഇനത്തിൽ 884944/- രൂപ ബാക്കിയുണ്ട്. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം ലോൺ ക്ലോസ് ചെയ്തിരിക്കുന്നു.
3. ഹാൾ വാടക, ഡി&ഒ എന്നിവ സംബന്ധിച്ച രജിസ്റ്റർ കാലികമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മേൽ ഇനങ്ങളിൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
4. പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീസ് വാർഷിക ധനകാര്യപത്രിക പ്രകാരം 400/- ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരം 900/-

5. വെള്ളക്കരം അടവ് - വാർഷിക ധനകാര്യപത്രിക പ്രകാരം ചെലവ് 630000/- രൂപ. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 1260000/- രൂപ ചെലവഴിച്ചിട്ടുണ്ട്.
6. ബി.4-ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്ന Total Sanitation campaign (320100115), ICDS (320100121), Suchithwamission(320200322), Grants, funds&contribution for specific purposes- Other Government Agencies (320300199), Beneficiary Contributions(320800101), Grants, funds&contribution for specific purposes- Other Government Agencies (320800199), Nirmal puraskar(320900101) എന്നീ ഇനങ്ങളിലെ നീക്കിയിരിപ്പ് തനത് ഫണ്ടിനോടൊപ്പമാണ് സൂക്ഷിച്ചിട്ടുള്ളത്. പ്രസ്തുത തുകകൾ അതതു മേഖലയിലെ പദ്ധതികൾക്കായി ഉപയോഗിക്കയോ, അതാത് ഹെഡിലേക്ക് തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.
7. ലൈബ്രറി ഗ്രാന്റ്, ലിറ്ററസി ഗ്രാന്റ്, Other revenue grant എന്നീ ഇനങ്ങളിലെ വരവ് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല
8. B18 ഷെഡ്യൂളിൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 15,000/- രൂപ ബാക്കി നിൽക്കുന്നു.
9. I-8 ഷെഡ്യൂളിൽ Recovery of unutilized Grants ഇനത്തിലെ തുക(15,520/-) തിരിച്ചടച്ചതായി കാണുന്നില്ല.
10. വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), വികസനഫണ്ട് (റ്റി.എസ്.പി), കെ.എൽ.ജി.എസ്.ഡി.പി, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ്, ട്രഷറി ഓൺ ഫണ്ട് എന്നീ അക്കൗണ്ടുകളുടെ റെക്കൺസിലേഷൻ ചെയ്തിട്ടില്ല.
11. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല.
12. സ്റ്റോക്ക് രജിസ്റ്റർ മൂല്യാധിഷ്ഠിതമായി തയ്യാറാക്കി അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.
13. അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ B18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

## 2-2 സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധവർഷവും സ്ഥാപനനികുതി ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ സ്ഥാപനതൊഴിൽ നികുതി സംബന്ധിച്ച് ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2016-2017വർഷം അവയുടെ അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം | ഈടാക്കാവുന്ന പരമാവധി തൊഴിൽ നികുതി |
|---|---|---|---|
| 1 | ബി.എസ്.എൻ.എൽ പൂവാർ | I&II | 2500 |
| 2 | കേരള ഫിഷർമെൻ വെൽഫയർ ബോർഡ് | I&II | 2500 |
| 3 | മാവേലി സ്റ്റാർ,പൂവാർ | I&II | 2500 |
| 4 | കല്യാൺ മിനി ജ്വലേഴ്സ് മിനി സ്റ്റോർസ് | I&II | 2500 |
| 5 | ലയോള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോമേഴ്സ് | I&II | 2500 |
| 6 | ടൂറിസം ബോട്ട് ക്ലബുകൾ (15എണ്ണം) | I&II | 15x2500=37500 |
| | ആകെ | | 50000/- |

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം. 10 തിയതി 16.08.16 ) സ്ഥാപന നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. സ്ഥാപനനികുതി സമയബന്ധിതമായി ഈടാക്കി ഓഡിറ്റിനെ അറിയിക്കാത്ത പക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി നിജപ്പെടുത്തുന്നതായിരിക്കും.

## 2-3 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിൽ 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരിൽ നിന്നും ഓരോ അർദ്ധവർഷവും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതിന് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204 (1) പ്രകാരം ഗ്രാമ പഞ്ചായത്തിന് അധികാരമുള്ളതാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ് ചട്ടം 13അനുസരിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ ഉള്ള സ്ഥാപനങ്ങളിലെ തൊഴിലുടമകളോട് ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പട്ടിക ആവശ്യപ്പെടാവുന്നതാണ്. എന്നാൽ 2016-2017 വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം/ വ്യക്തി | അർദ്ധവർഷം |
|---|---|---|
| 1 | ഹോട്ടൽ ഗീത് ഇന്റർനാഷണൽ | I&II |
| 2 | കേരള ഫിഷർമെൻ വെൽഫയർ ഫണ്ട് ബോർഡ് | I&II |
| 3 | പൂവാറിലെ ബോട്ട് ക്ലബുകളിലെ ജീവനക്കാർ | I&II |

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം. 10 തീയതി 16.08.16 ) തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തൊഴിൽ നികുതി സമയബന്ധിതമായി ഈടാക്കി ഓഡിറ്റിനെ അറിയിക്കാത്ത പക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി നിജപ്പെടുത്തുന്നതായിരിക്കും.

## 2-4 ഡി ആന്റ് ഒ ലൈസൻസ് അപാകതകൾ

*(എ) 2016-17വർഷം ഡി ആന്റ് ഒ ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.*

1. ലൈസൻസിനായുള്ള അപേക്ഷകളിൽ ജി.ഒ (ആർ.ടി)795/2007/ ത.സ്വ.ഭ.വ തിയതി 16.03.2007 ലെ ഉത്തരവിൻപ്രകാരമുള്ള പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം ഉൾപ്പെടുത്തുന്നില്ല.

2. കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ- ചട്ടം 7 പ്രകാരം, ഒരു ദിവസത്തെ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ പട്ടിക II ൽ നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് സ്ഥാപത്തിന്റെ ലൈസൻസ് ഫീ ഈടാക്കേണ്ടത്. എന്നാൽ മിക്ക അപേക്ഷകളിലും ദിവസേനയുള്ള വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല.

3. ലൈസൻസിനായുള്ള അപേക്ഷകരിൽനിന്നും ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി കണക്കാക്കി ഈടാക്കുന്നുണ്ടെങ്കിലും ചില അപേക്ഷകരിൽ നിന്നും തൊഴിൽനികുതി കുറവായി ഈടാക്കിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| പേര്/കച്ചവടം | ഒരു ദിവസത്തെ വിറ്റുവരവ് | തൊഴിൽനികുതി ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|
| സുരേഷ് ബാബു<br>(ഭാസുരം ഹോളിഡെ ഹോം) | 1000 | 2000 | 2500 | 500 |
| ശിവപ്രസാദ്<br>(ലാപ് ടോപ്, കംപ്യൂട്ടർ സർവീസ്) | 600 | 900 | 2000 | 1100 |
| എം ജയകുമാർ<br>(പ്ലംബിംഗ് സാനിറ്ററി സാധനങ്ങൾ) | 1000 | 1200 | 2500 | 1300 |
| എസ്. തങ്കരാജ് (ഹോളോബ്രിക്സ് നിർമാണം) | 1000 | 2000 | 2500 | 500 |

4. അപേക്ഷകൾ തീർപ്പാക്കാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. ധാരാളം അപേക്ഷകൾ സ്ഥലപരിശോധന റിപ്പോർട്ട് , സെക്രട്ടറിയുടെ തീരുമാനം എന്നിവ രേഖപ്പെടുത്താതെ ഫയൽ നംപർ മാത്രം രേഖപ്പെടുത്തി സൂക്ഷിച്ചിരിക്കുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/11.08.17) മറുപടി ലഭ്യമാക്കിയിട്ടില്ല.

*(ബി) ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.*

1998 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റിക്കാർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) 3 പ്രകാരം ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള മുഴുവൻ വ്യാപാര സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് തലത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ അനുമതിയില്ലാതെ സ്ഥാപനങ്ങളൊന്നും തന്നെ പ്രവർത്തിക്കുന്നില്ലായെന്നും, ചട്ടത്തിൽ അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ മേൽ സ്ഥാപനങ്ങൾ തൊട്ടടുത്ത വർഷത്തെ ലൈസൻസ് പുതുക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 2-5 നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വിവരം സഞ്ചയയിലും രജിസ്റ്ററിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ രജിസ്റ്ററും സഞ്ചയയിലെ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വിവരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെയും വിവരം സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത്തരം കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ ഉൾപ്പെടുത്തി പുതുക്കിയ നികുതി നിർണ്ണയം നടത്തി പഞ്ചായത്തു ഫണ്ടിന്റെ വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

## 2-6 പരസ്യ നികുതി ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കണം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 209(ഡി) പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രദർശിപ്പിച്ചിട്ടുള്ള പരസ്യങ്ങളിൽ നിന്നു പരസ്യ നികുതി ഈടാക്കേണ്ടതാണ്. 2016-17 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിനു പരസ്യ നികുതിയിനത്തിൽ വരവൊന്നും ലഭിച്ചിട്ടില്ല. കരട് പരസ്യനികുതി ബൈല പഞ്ചായത്ത് ഭരണസമിതിയുടെ 15.11.16 ലെ 2(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ടെങ്കിലും ആയതിന് പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം നാളിതുവരെ ലഭ്യമായിട്ടില്ല. ബൈലോയ്ക്ക് അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് പരസ്യനികുതി ഈടാക്കി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

## 2-7 <u>സ്വകാര്യ ചന്തയ്ക്ക് ലൈസൻസ് നൽകിയിട്ടില്ല- വരുമാന നഷ്ടം</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പൊതുമാർക്കറ്റുകൾക്കും സ്വകാര്യ മാർക്കറ്റുകൾക്കും 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 222 പ്രകാരം ലൈസൻസ് നൽകേണ്ടതാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മാർക്കറ്റുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 4ന് മറുപടിയായി പഞ്ചായത്ത് പരിധിയിൽ സ്വകാര്യ മാർക്കറ്റുകൾ പ്രവർത്തിക്കുന്നതായും അതിൽ അരുമാനൂർക്കട എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന മാർക്കറ്റിന് ലൈസൻസ് ഉണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന് ഏറ്റവും അടുത്ത് വർഷങ്ങളായി പ്രവർത്തിക്കുന്ന സ്വകാര്യമാർക്കറ്റിന് നാളിതുവരെ ലൈസൻസ് നൽകുകയോ പഞ്ചായത്ത് വിഹിതം പിരിക്കുകയോ ചെയ്തിട്ടില്ലെന്ന് രജിസ്റ്റർ പരിശോധനയിൽ ബോധ്യപ്പെട്ടു. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 222(1)പ്രകാരം നിയമവിരുദ്ധമായി മാർക്കറ്റ് നടത്തിയാൽ, നടത്തുന്ന വ്യക്തിയിൽ നിന്നും 2000/-രൂപയും നിയമ പ്രകാരം ലൈസൻസ് ഇല്ലാതെ ടി സ്വകാര്യമാർക്കറ്റിൽ ഫീസ് ചുമത്തുന്നുവെങ്കിൽ 500/- രൂപയും കൂടി ഈടാക്കിയും ലൈസൻസ് നൽകാൻ ത്വരിത നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം അനധികൃതമായി പ്രവർത്തിക്കുന്ന സ്വകാര്യ മാർക്കറ്റ് അടച്ചുപൂട്ടുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-8 <u>ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്വകാര്യ ആശുപത്രി / പാരാമെഡിക്കൽ സ്ഥാപനം സമയബന്ധിതമായി രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.</u>

1997 ലെ കേരള പഞ്ചായത്ത് രാജ്( സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ ,ചട്ടം(5) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പായി പുതുക്കേണ്ടതാണ്.എന്നാൽ ഗ്രാമപഞ്ചായത്തിന്റെ

പരിധിയിൽ പ്രവർത്തിക്കുന്ന ഒലീവ് ഡെന്റൽ കെയർ എന്നസ്ഥാപനം 2016-2017 സാമ്പത്തിക വർഷത്തെ രജിസ്'ട്രേഷൻ പുതുക്കിയിട്ടില്ല. (എൻക്വയറി നം2 തിയതി 17.07.17).

സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എച്ച്.എം. നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- അപാകതകൾ-5,41,300/- രൂപയുടെ തടസ്സം

*(എ) പത്താംതരം തുല്യതാ പഠനം- രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു*

പ്രോജക്ട് നം. -S0060/17

അടങ്കൽ -50,000/- (വികസനഫണ്ട്(ജനറൽ)

ചെലവ് - 50,000/- (ബിൽ നം. 6/17 തീയതി. 30.03.2017)

പ്രോജക്ട് പ്രകാരം 33 പഠിതാക്കൾക്ക് 1500/-രൂപ വീതം ഫീസും, എസ്.സി. വിഭാഗത്തിൽപ്പെട്ട 5 പഠിതാക്കൾക്ക് 100/- രൂപ വീതം രജിസ്ട്രേഷൻ ഫീസും സാക്ഷരതാമിഷന് കൈമാറിയിട്ടുണ്ട്. പ്രോജക്ട് പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾകാണുന്നു.

1. പഠിതാക്കളുടെ പേര് ഉൾപ്പെട്ട ലിസ്റ്റ് മാത്രമാണ് സൂക്ഷിച്ചിരിക്കുന്നത്. ഹാജർ, പരീക്ഷയെഴുതിയതിന്റെ രേഖകൾ, പരീക്ഷ വിജയിച്ചതായുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ സൂക്ഷിച്ചിട്ടില്ല.
2. സർക്കുലർ നം. 48360/എഫ്.എം.1 2009 ത.സ്വ.ഭ.വ തീയതി. 06.10.2009 പ്രകാരം പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പഠിതാക്കളുടെ കോഴ്സ് ഫീസ്, പരീക്ഷ ഫീസ് എന്നിവ പട്ടികജാതി- പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും അനുവദിക്കുന്നതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുവാൻ പാടില്ല. എന്നാൽ ഇതിനുവിരുദ്ധമായി 5 പഠിതാക്കൾക്ക് 100/- രൂപ വീതം ആകെ 500/- രൂപ അനുവദിച്ചിരിക്കുന്ന നടപടി ക്രമവിരുദ്ധമാണ്.
3. സാക്ഷരത മിഷന് തുക നൽകിയതിന്റെ കൈപ്പറ്റ് വിവരം, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പരീക്ഷ 22.08.2017-നാണെന്നും, രേഖകൾ ഹാജരാക്കാമെന്നും അറിയിച്ചിരിക്കുന്നു. രേഖകൾ ഹാജരാക്കുന്നതിലേക്ക് 50,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

*(ബി)എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം അപേക്ഷ സൂക്ഷിച്ചിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു.*

പ്രോജക്ട് പ്രകാരം 17 എസ്.സി. വിദ്യാർഥികൾക്ക് ലാപ്ടോപ്പ് വാങ്ങി വിതരണ ചെയ്തിരിക്കുന്നു. എന്നാൽ ഗുണഭോക്താക്കളുടെ അപേക്ഷയും അനുബന്ധരേഖകളു സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അപേക്ഷ ഹാജരാക്കിക്കൊള്ളാമെന്നുള്ള മറുപടിയാണ് നൽകിയിരിക്കുന്നത്. രേഖകം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 4,91,300/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## **3-2** മത്സ്യതൊഴിലാളി എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഇല്ലാതെ ഫർണിച്ചർ നൽകി- **3999/-**രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം. - Soo 4/17

പ്രോജക്ടിന്റെ പേര് - മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് മേശ,കസേര നൽകൽ.

നിർവഹണ ഉദ്യോഗസ്ഥൻ - ഫിഷറീസ് ഇൻസ്പെക്ടർ

അടങ്കൽ തുക - 400000 ( വികസനഫണ്ട്)

ചെലവഴിച്ച തുക -399999/- രൂപ

ബിൽ നമ്പർ -1/16-17 തിയതി30.03.2017.

പദ്ധതി പ്രകാരം 100മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് തടിയിൽ തീർത്ത മേശയും(75x45x75 cm) നീൽകമൽ പ്ലാസ്റ്റിക് കസേരയും നൽകാൻ നടപടി സ്വീകരിച്ചു. മാനദണ്ഡപ്രകാരം വിദ്യാർത്ഥിയും കുടുംബവും മത്സ്യത്തൊഴിലാളി എന്ന് തെളിയിക്കുന്ന രേഖ ഹാജരാക്കേണ്ടതാണ്. എന്നാൽ ആമിന എസ്.എം, D/Oമുഹമ്മദ് നൂഹുകണ്ണ്, TA510, പൂവാർ എന്ന വിദ്യാർത്ഥിയ്ക്ക് മാർഗരേഖയ്ക്ക് വിരുദ്ധമായി മത്സ്യത്തൊഴിലാളിയുടെ മകളാണെന്ന് തെളിയിക്കുന്ന രേഖയില്ലാതെ മേശയും കസേരയും നൽകിയയിനത്തിൽ ചെലവായ 3999/-രൂപ തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. കൂടാതെ പ്രോജക്റ്റ് പ്രകാരംതടിയിൽ തീർത്ത മേശയും പ്ലാസ്റ്റിക് കസേരയും ARTCO യിൽ നിന്നും നേരിട്ട് വാങ്ങി . എന്നാൽ ജി.ഒ (എം.എസ്) 26/16 തിയതി 02.05.2016 പ്രകാരം തടിയിൽ തീർത്ത ഫർണിച്ചർ മാത്രമേ ARTCO യിൽ നിന്നും നേരിട്ട് വാങ്ങാൻ പാടുള്ളൂ. പ്ലാസ്റ്റിക് കസേരകൾ ടെണ്ടർ മുഖേന വാങ്ങേണ്ടതായിരുന്നു. കൂടാതെ വാങ്ങിയ മേശകളുടെയും കസേരകളുടെയും വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ സ്റ്റോക്ക് രജിസ്റ്റർ ഇല്ലായെന്ന് നിർവഹണോദ്യോഗസ്ഥൻ അറിയിച്ചു. എല്ലാ ഗുണഭോക്താക്കളുടെയും കൈപ്പറ്റ് രസീത് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ എല്ലാഗുണഭോക്താക്കൾക്കും മേശയും കസേരയും ലഭിച്ചുവെന്ന് ഉറപ്പുവരുത്തുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

## 3-3 കന്നുകുട്ടി പരിപാലന പരിപാടി (കാലിത്തീറ്റ സബ്സിഡി) -വനിത, വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നം : SOO50/17

പ്രോജക്ടിന്റെ പേര് : കന്നുകുട്ടി പരിപാലന പരിപാടി (കാലിത്തീറ്റ സബ്സിഡി) - വനിത, നിർവഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

അടങ്കൽ :18,00,000/-(450000/-
(വികസനഫണ്ട്), 450000/-
(സംസ്ഥാനാവിഷ്കൃതം) 9,00,000/- മറ്റുള്ളവ)

ചെലവ് : 3,12,500/-

ബിൽ നം, തിയതി : SLBP(1)/16-17 dated 28.02.17.

മേൽ പ്രോജക്ടിന്റെ നടത്തിപ്പിലേയ്ക്കായി (50 ഗുണഭോക്താക്കൾ) 312500/- രൂപ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് രസീത് ലഭ്യമായിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

28 മുതൽ 32മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്ന പദ്ധതിയായതിനാൽ, പദ്ധതി കാലയളവ് അവസാനിക്കുന്ന മുറയ്ക്ക് മാത്രമേ വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുകയുള്ളുവെന്നും ആയത് ലഭ്യമാകുമ്പോൾ ഓഡിറ്റിൽ ഹാജരാക്കുന്നതുമാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 8തിയതി 14.08.17)നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നമുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 3-4 <u>മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- അപാകതകൾ പാലിയേറ്റീവ് കെയർ - പദ്ധതി നടത്തിപ്പിലെ അപാകതകൾ</u>

പ്രോജക്ട് നം. - 30/17 (പാലിയേറ്റീവ് കെയർ)

1. അടങ്കൽ -575000/- (വികസനഫണ്ട്(ജനറൽ))ചെലവ് -575000/-മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.
2. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും 18793/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.
3. പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ പ്രകാരം ഹോംകെയർ നടന്നു കഴിഞ്ഞാൽ രോഗികൾക്ക് ലഭ്യമാക്കിയ സേവനങ്ങളും മറ്റ് വിവരങ്ങളും ഹോംകെയർ റിപ്പോർട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, തൊട്ടടുത്തദിവസം മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് ഒപ്പ് വാങ്ങേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. പ്രസ്തുത രജിസറ്ററിൽ 06.12.2016 വരെയുള്ള ഗൃഹസന്ദർശന വിവരങ്ങൾ മാത്രമേ ഓഡിറ്റ് സമയത്ത് രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നുള്ളൂ. രേഖപ്പെടുത്തലുകളെല്ലാം മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
4. ജി.ഒ(ആർ.ടി) 2039/2016 ത.സ്വ.ഭ.വ തീയതി. 30.06.2016 സർക്കാർ ഉത്തരവ് പ്രകാരം ഹോംവിസിറ്റ് നടത്തുമ്പോൾ ഒരു ടീമിന്റെ ഭക്ഷണചെലവിന് പരമാവധി

250/- രൂപയാണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ 360/- രൂപ വരെ നൽകിയിരിക്കുന്നു. പദ്ധതി നടപ്പാക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

പാലിയേറ്റീവ് സെക്കൻഡറി ലെവൽ- രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നം. 140/17

1. പ്രോജക്ട് പ്രകാരം 1,00,000/- രൂപ പിൻവലിച്ച് ജില്ലാപഞ്ചായത്തിന് നൽകിയിട്ടുണ്ട്. ജില്ലാപഞ്ചായത്തിൽ നിന്നും കൈപ്പറ്റ് രേഖകളോ, വിനിയോഗസാക്ഷ്യപത്രമോ ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കി വിവരംഅറിയിക്കേണ്ടതാണ്.

   1 അടങ്കൽ 1,00,000/- (വികസനഫണ്ട്(ജനറൽ))
2. ചെലവ് 1,00,000/-

വൃദ്ധജനപരിപാലനം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് നം. 140/17

അടങ്കൽ 160000/- (വികസനഫണ്ട്(ജനറൽ))

ചെലവ് 116891/-

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നതിന് വൃദ്ധജനങ്ങളെ പ്രാപ്തരാക്ക അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുകയെന്നാണ് പ്രോജക്ടിന്റെ ഉദ്ദേശ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട് പ്രകാരം നാ തവണകളായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. ഇതിൽ നിന്നു തെരഞ്ഞെടുത്ത വൃദ്ധർക്ക് കണ്ണട, ഊന്നുവടി എന്നിവ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ കണ്ണടയും, 4 ഊന്നുവടിയും വിതരണം ചെയ്തിട്ടില്ല. ജി.ഒ.(എം.എസ്) 4/2016 ത.സ്വ.ഭ. തീയതി. 11.01.2016 ഉത്തരവ് ഖ.7.7 -ൽ ഉത്പാദനപരമല്ലാത്ത പരിപാടികളാ ബോധവത്ക്കരണ ക്യാമ്പയിനുകൾ, ക്യാമ്പുകൾ, സെമിനാറുകൾ മുതലായവ തദ്ദേ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ പാടില്ലായെന നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ഖ.7.4 പ്രകാരം വൃദ്ധർക്ക് ഊന്നുവടി വിതരണം ചെയ്യുന്ന അനുവദനീയവുമല്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ച നടപടി ക്രമവിരുദ്ധമാണ ആയതിന് വിശദീകരണം നൽകേണ്ടതാണ്. പദ്ധതിപ്രകാരമുള്ള തുകയുടെ ഭൂരിഭാഗവു സംഘാടനത്തിനായാണ് ചെലവഴിച്ചിരിക്കുന്നത്. ഇത് പ്രോജക്ട് വിഭാവന ചെയ്തിരിക്കുന്നതിലെ അപാകതയാണ്. ഭാവിയിൽ ഇത്തരം പ്രോജക്ടുകൾ നടപ്പാക്കുമ്പോ ഗുണഭോക്താക്കൾക്ക് പരമാവധി പ്രയോജനം ലഭിക്കത്തക്കരീതിയിൽ നിർവ്വഹിക്കാ ശ്രദ്ധചെലുത്തേണ്ടതാണ്.

## 3-5 പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന

ഭാഗികമായി മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ.

ഗ്രാമപഞ്ചായത്തിൽ പൊതുടാപ്പുകളുടെ വെള്ളക്കരമായി പ്രതിമാസം 1,05,000/-രൂപ അടച്ചു വരുന്നു.ആകെ 240ടാപ്പുകൾക്കാണ് പ്രസ്തുത തുക അടവാക്കുന്നത്. 2016-17 വർഷം പൊതുടാപ്പുകളുടെ കുടിവെള്ളക്കരം ഇനത്തിൽ ആകെ 1,26,000/- രൂപ വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്.(തനത് ഫണ്ട്- 1,60,000/-, മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) - 11,00,000/-). കുടിവെള്ളക്കരം ഇനത്തിൽ ഭീമമായ തുകയാണ് ചെലവഴിച്ചിരിക്കുനനത്. ജി.ഒ (ആർ.ടി) 2242/2011/ തസ്വഭവ 28.09.2011ലെ നിർദ്ദേശ പ്രകാരം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തേണ്ടതും ജലം ലഭ്യമാകുന്ന ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി , ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണം നൽകുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

കുടിവെള്ള ടാപ്പുകളുടെ സംയുക്തപരിശോധന സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 7 തിയതി 16.08.2017) കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന ഭാഗികമായി പൂർത്തിയായിട്ടുണ്ടെന്ന മറുപടിയാണ് ലഭിച്ചത്.സംയുക്ത പരിശോധന പൂർത്തിയാക്കി പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രമേ വെള്ളക്കരം അടവാക്കുന്നുള്ളൂവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-6 ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ ഇൻഷ്വറൻസ് പുതുക്കിയതിൽ കാലതാമസം

പൂവാർ ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ KL 19B 9962 എന്ന ബൊലേറോ ജീപ്പിന്റെ ഇൻഷ്വറൻസ് കാലാവധി 03.03.2016 ൽ അവസാനിച്ചു. എന്നാൽ സമയബന്ധിതമായി ലൈസൻസ് പുതുക്കാതെ . 3/2016 മുതൽ 11/2016 വരെയുള്ള 9 മാസ കാലയളവിൽ വാഹനം ഇൻഷ്വറൻസ് കവറേജില്ലാതെ (ന്യൂ ഇന്ത്യ അഷ്വുറൻസ് കോ.ലിമി.)ഓടിച്ചിരുന്നതായി ലോഗ് പരിശോധനയിൽ ബോധ്യപ്പെട്ടു. 19.11.2016 ൽ മാത്രമാണ് ആയത് പുതുക്കിയിരിക്കുന്നത്. കേരള മോട്ടോർവാഹന നിയമപ്രകാരം ഇൻഷ്വറൻസില്ലാതെ വാഹനം ഉപയോഗിക്കുന്നത് നിയമവിരുദ്ധമാണ്. ജി.ഒ.(എം.എസ്)170/2007 ത.സ്വ.ഭ.വ തീയതി.30.06.2007 പ്രകാരം വാഹനങ്ങളുടെ ശരിയായ ഉപയോഗം, സംരക്ഷണം, ഉപയോഗത്തിന്റെ നിയന്ത്രണം എന്നിവയുടെ ചുമതല സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ആയതിനാൽ സമയബന്ധിതമായി ഇൻഷ്വറൻസ് പുതുക്കുന്നതിനും, ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് | 62500/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 62500/- | -- |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

| ക്രമ നം. | നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | കുടിവെള്ള ടാപ്പ്- അരശ്ശുംമൂട് ജംഗ്ഷൻ | 616589/13.08.14 | 6000/- | - | 6000/- |
| 2 | കേരള വാട്ടർ അതോറിറ്റി | സ്വീവേജ് പ്ലാന്റ് നിർമാണം | 883896/25.04.16 | 114500/- | - | 114500/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയതി |
|---|---|---|---|---|
| 2006-2007 | 3.6(2) | 2097/- | സി സുഗതൻ, സെക്രട്ടറി | 11602102722/ 20.01.17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 40761827 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 39978729 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 545299/- |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 541300 | ശ്രീമതി ശോഭന എസ്, എച്ച്.എം., ഗവ. എൽ.പി.എസ്. പൂവാർ |
| 3-2 | 3999 | ശ്രീ.സജികുമാർ,ഫിഷറീസ് ഇൻസ്പെക്ടർ |
| ആകെ | 545299 | |

*(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

| പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം |
|---|---|---|

| ഉദ്യോഗപ്പേരും | സമയത്തെ) ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
|---|---|---|
| ഇല്ല | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒട്ടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻഅവ ശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-00 | എൽ.എഫ്.റ്റി.ഡി.ജി.പി.6(എ)/1000/2001 തീയതി.17.07.14 | 2 | |
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി.(1)1527/2005 തീയതി.17.07.14 | 3 | |
| 2001-02 | നം.എൽ.എഫ് റ്റി.ഡി. ജി.പി.(1)/1494 /2005തീയതി17.07.14 | 6 | |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.(1) 1528/2005തീയതി 17.07.2014 | 6 | |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.(1)1096/2006 തീയതി.17.07.2014 | 3 | |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.(1)1259/2008 തീയതി.17.07.2014 | 12 | |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.(1)1260/2008 തീയതി.17.07.2014 | 10 | |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.(1)1731/2010 തീയതി.17.07.2014 | 7 | |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.(1)1732/2010 തീയതി.17.07.2014 | 11 | |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.ജി.പി. (1)2170/2011തീയതി.17.07.2014 | 13 | |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.ജി.പി. (1)2171/2011തീയതി.17.07.2014 | 14 | |
| 2010-11 | നം.എൽ.എഫ്.റ്റി.ഡി.ജി.പി. (1)2101/2012തീയതി 5.02.2013 | | |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി.ജി.പി. (1)/1407/2013 തീയതി 15.01.14 | | |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.(1)1288/2014 തീയതി29.09.2014/07.02.2015 | | |
| 2013-14 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.(1)872/2015 തീയതി.22.07.15 | | |
| 2014-15 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.(1)2133/2015 തീയതി.14.12.2015 | 30 | |

| | | | |
|---|---|---|---|
| 2015-16 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.(1)2157/2016 തീയതി.20.12.2016 | 15 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ്.

അനുബന്ധം-1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ന്യൂനതകളുടെ സംഗ്രഹം

1. വസ്തുനികുതി സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയറിലെ തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.
2. B5 ഷെഡ്യൂൾ പ്രകാരം ലോൺ തിരിച്ചടവ് ഇനത്തിൽ 884944/- രൂപ ബാക്കിയുണ്ട്. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം ലോൺ ക്ലോസ് ചെയ്തിരിക്കുന്നു.
3. ഹാൾ വാടക, ഡി&ഒ എന്നിവ സംബന്ധിച്ച രജിസ്റ്റർ കാലികമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മേൽ ഇനങ്ങളിൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
4. പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീസ് വാർഷിക ധനകാര്യപത്രിക പ്രകാരം 400/- ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരം 900/-
5. വെള്ളക്കരം അടവ് - വാർഷിക ധനകാര്യപത്രിക പ്രകാരം ചെലവ് 630000/- രൂപ. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 1260000/- രൂപ ചെലവഴിച്ചിട്ടുണ്ട്.
6. ലൈബ്രറി ഗ്രാന്റ്, ലിറ്ററസി ഗ്രാന്റ്, Other revenue grant എന്നീ ഇനങ്ങളിലെ വരവ് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
7. B18 ഷെഡ്യൂളിൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 15,000/- രൂപ ബാക്കി നിൽക്കുന്നു.
8. I-8 ഷെഡ്യൂളിൽ Recovery of unutilized Grants ഇനത്തിലെ തുക(15,520/-) തിരിച്ചടച്ചതായി കാണുന്നില്ല.
9. വികസനഫണ്ട്(ജനറൽ), വികസനഫണ്ട്(എസ്.സി.പി), വികസനഫണ്ട്(റ്റി.എസ്.പി), കെ.എൽ.ജി.എസ്.ഡി.പി, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ്, ട്രെഷറി ഓൺ ഫണ്ട് എന്നീ അക്കൗണ്ടുകളുടെ റെക്കൺസിലേഷൻ ചെയ്തിട്ടില്ല.
10. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല.
11. സ്റ്റോക്ക് രജിസ്റ്റർ മൂല്യാധിഷ്ഠിതമായി തയ്യാറാക്കി അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.
12. അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ B18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ

കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

സംസ്ഥാന ഓഡിറ്റ് വകുപ്പ്.